മാതൃഭൂമി

**Publication- Mathrubhumi**
**Page -1 4**
**Date – 07.02.2022**

# കോവിഡ് പ്രതിരോധത്തിന് ഓസ്ട്രേലിയൻ സഹായം എത്തിച്ച് ഹാബിറ്റാറ്റ്

കൊച്ചി▸ കേരളത്തിന്റെ കോവിഡ് പ്രതിരോധത്തിന് ഓസ്ട്രേലിയയിൽ നിന്ന് മെഡിക്കൽ സാമഗ്രികൾ എത്തിച്ച് ഹാബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റി ഇന്ത്യ. 30 ഓക്സിജൻ കോൺസൻട്രേറ്റുകൾ, അഞ്ച് വെൻറിലേറ്ററുകൾ എന്നിവയാണ് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറിയത്. ഇത് കൈമാറുന്ന ചടങ്ങിൽ മന്ത്രി വീണാ ജോർജ്, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, മോൻസ് ജോസഫ് എം.എൽ.എ. തുടങ്ങിയവർ പങ്കെടുത്തു.



▶ ഓസ്ട്രേലിയൽ സഹായത്തോടെ കേരളത്തിലെത്തിച്ച പ്രതിരോധ സാമഗ്രികൾ ആരോഗ്യമന്ത്രി വിണാ ജോർജും പ്രതിപക്ഷ നേതാവ് വി.ഡി. സതീശനുമടക്കമുള്ളവർ ചേർന്ന് ഏറ്റുവാങ്ങിയപ്പോൾ

സന്നദ്ധ സംഘടനയായ ഹാബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റി ഇന്ത്യ എം.ഡി. ഡോ. രാജൻ സാമുവൽ, വെസ്റ്റേൺ ഓസ്ട്രേലിയൻ ധനകാര്യമന്ത്രി ഡോ. ടോണി ബൂട്ടി, ജനപ്രതിനിധിയായ യാസ് മുബാറക്കി തുടങ്ങിയവർ കേരളത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഓൺലൈനിൽ പിന്തുണ അറിയിച്ചു.